പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7742 23-07-2012 -ൽ മറുപടിക്ക്.

## മദ്യാസക്തി നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് :<br>" ഹൈബി ഈഡൻ :<br>" കെ. മുരളീധരൻ :<br>" വർക്കല കഹാർ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |

(എ) മദ്യാസക്തി നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(എ) മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ, എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും, എഫ്.എം. റേഡിയോ, ആകാശവാണി എന്നിവ വഴിയുള്ള പ്രചരണം എന്നിവയും നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്യു വരുന്നു.

(ബി) മദ്യാസക്തി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിനെ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മദ്യത്തിനും മറ്റു ലഹരി പദാർത്ഥങ്ങൾക്കുമെതിരെ വിവിധ രീതികളിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നതോടൊപ്പം തന്നെ, ഇവയ്ക്കായി വകുപ്പിനെ പര്യാപ്തമാക്കി നവീകരിക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.

(സി) മദ്യാസക്തി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി വ്യാജമദ്യത്തിന്റെ ലഭ്യത തടഞ്ഞിട്ടുണ്ട്. ഇതുകൂടാതെ, കുടുംബശ്രീ, മദ്യനിരോധന സമിതി, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെയും പോലീസ്, വനം, റവന്യൂ എന്നീ വകുപ്പുകളുടെയും സഹകരണത്തോടെയും സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. സ്പിരിറ്റ്, ചാരായം,

| | | | |
|---|---|---|---|
| | | | കഞ്ചാവ്, അനധികൃതമദ്യം, കോട, ഇവ കടത്തിയ വാഹനങ്ങൾ എന്നിവ പിടിച്ചെടുത്ത് കേസുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് അത്യാധുനിക ആയുധങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, 110 പുതിയ പിസ്റ്റളുകളും, മൊബൈൽ ഫോണുകളും, വയർലെസ് സംവിധാനങ്ങളും ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | മദ്യാസക്തി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുള്ള ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്തുമോ; ഇതിനായി ഈ സർക്കാർ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സർക്കാർ വകുപ്പുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായ സഹകരണത്തോടു കൂടി മദ്യത്തിനും മറ്റു ലഹരി പദാർത്ഥങ്ങൾക്കുമെതിരെ വിവിധ രീതികളിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2011-12 വർഷത്തിൽ 1,19,27,247/-രൂപയും, 2012-13 വർഷത്തിൽ ഇതുവരെ 9,85,425/- രൂപയും ഇക്കാര്യത്തിനായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ